**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4045** **28-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണത്തിന്റെ ഭാഗമായി എം.എൽ.എ ഫണ്ട് മുഖേനയുള്ള ഡയാലിസിസ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ റീവയറിംഗ് ചെയ്യുന്നതിനുള്ള ഫണ്ടിനായി എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. G.O (Rt) No.1393/2020/H&FWD , Dt: 30/07/2020 പ്രകാരം പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ "Development of out patient unit, Casualty Block and Diagnostic facilities" എന്ന പ്രവൃത്തിയ്ക്കായി 13.27 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. M/s HITES നെ SPV ആയി തെരഞ്ഞെടുത്തിട്ടുണ്ട്. KIIFB ഫണ്ട് മുഖേനയുള്ള പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ ന്റെ റിവിഷൻ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ് |
| (ബി) | പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്ന ശിപാർശ സർക്കാർ പരിശോധിക്കുകയും തുടർന്ന് മിനിമം തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടാമ്പി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പട്ടാമ്പി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കുന്നത് സംബന്ധിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ